# പ്രതിപക്ഷത്തിന്റെ ആത്മവഞ്ചന

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
20.11.2008

നമ്മുടെ സംസ്ഥാനത്തെ പ്രതിപക്ഷം അപഹാസ്യമായ ഒരു പതനത്തിലെത്തിയിരിക്കുകയാണ്. സംസ്ഥാനത്തെ ജനങ്ങളോട് തരിമ്പും കൂറില്ലെന്ന് അവർ ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായ കുറ്റപത്രം എന്ന പേരിൽ അവർ പ്രസിദ്ധീകരണത്തിനു നൽകിയ വാറോല അതിനു തെളിവാണ്. തികച്ചും നിരുത്തരവാദപരമായി ഓരോന്നു വിളിച്ചു പറയുക, ബഹുജന താല്പര്യങ്ങൾ പൂർണ്ണമായും വിസ്മരിക്കുക - അതാണവർ ചെയ്യുന്നത്.

സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റവും ചാർജ് വർധനയുമാണെന്നും ഇത് സംസ്ഥാന സർക്കാരിന്റെ കുറ്റമാണെന്നുമാണ് ഐക്യജനാധിപത്യമുന്നണി ആരോപിക്കുന്നത്. മലർന്ന് കിടന്ന് മുകളിലേക്ക് തുപ്പിയാൽ അത് സ്വന്തം മുഖത്തുതന്നെയാണ് പതിക്കുക. അത്തരമൊരവസ്ഥയാണ് യു.ഡി.എഫ്. നേതൃത്വത്തിനും സംഭവിച്ചിരിക്കുന്നത്. സംസ്ഥാനത്തെ എ.പി.എൽ. കാർഡുടമകൾക്ക് നൽകാൻ 2007 മാർച്ച് വരെ പ്രതിമാസം കേന്ദ്രം അനുവദിച്ചിരുന്നത് 1,13,420 ടൺ അരിയായിരുന്നു. 2007 ഏപ്രിൽ മുതൽ അത് ഇരുപത്തോരായിരം ടണ്ണായും ഇക്കഴിഞ്ഞ ഏപ്രിലോടെ 17056 ടണ്ണായും വെട്ടിക്കുറച്ചു. സെപ്തംബർ മുതൽ അതും നൽകുന്നില്ല. റേഷനരി വിഹിതം വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുകയും പാർലമെന്റിനു മുന്നിൽ സംസ്ഥാനത്തെ മന്ത്രിമാരും ജനപ്രതിനിധികളുമെല്ലാം ചേർന്ന് സത്യഗ്രം നടത്തിയതുമാണ്. അന്ന് അതിനെ പുച്ഛിക്കുകയാണ് സംസ്ഥാനത്തെ പ്രതിപക്ഷം ചെയ്തത്. കേന്ദ്രഭക്ഷ്യ മന്ത്രി ശരദ് പവാർ സംസ്ഥാനത്തിന് നൽകുന്ന റേഷനരി അധികപ്പറ്റാണെന്ന് നിർലജ്ജം പ്രസ്താവിച്ചപ്പോൾ പേരിന് ഒരു പ്രസ്താവന യു.ഡി.എഫും പുറപ്പെടുവിക്കുകയുണ്ടായി. പവാറിന്റെ നിലപാട് ശരിയല്ലെന്ന് കേന്ദ്രമന്ത്രി വയലാർ രവിക്ക് പോലും മനമില്ലാ മനസ്സോടെ സമ്മതിക്കേണ്ടി വന്നു.

എന്നിട്ടിപ്പോൾ സംസ്ഥാനത്ത് അരി വില വർധനയ്ക്ക് കാരണം സംസ്ഥാന ഗവൺമെന്റാണെന്ന് ആക്ഷേപിക്കാൻ യു.ഡി.എഫിന് ലജ്ജയില്ലേ? രാജ്യവ്യാപകമായി അരിക്ക് വില കയറിയിട്ടുണ്ട്. റേഷനരിയെ ആശ്രയിച്ചു ജീവിക്കുന്ന കേരളത്തിൽ കേന്ദ്രം അരി നിഷേധിച്ചതിനാൽ പൊതുവിപണിയിൽ വില വർധിച്ചിട്ടുണ്ട്.

എന്നാൽ ആ വിലക്കയറ്റം പിടിച്ചുനിർത്താനും ക്ഷാമമില്ലാതാക്കാനും അഭൂതപൂർവ മായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. നാടെങ്ങും അരിക്കടകൾ തുടങ്ങി പുഴുങ്ങലരി കിലോവിന് 14 രൂപയ്ക്കും പച്ചരി 13.50 നും വിതരണം ചെയ്യുന്നു.

അരിയുടെ മാത്രമല്ല, മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം രാജ്യ ത്താകമാനം രൂക്ഷമാണ്. അക്കാര്യം കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ സജീവ ചർച്ചാവിഷയമായതുമാണ്. തികച്ചും ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തി ലേക്ക് അരിയും പലവ്യഞ്ജനങ്ങളും കൊണ്ടുവരുന്നത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ്. അതിനാൽ അവിടത്തെ വിലക്കയറ്റം ഇവിടെയും ബാധിക്കും. എന്നാൽ അതിന്റെ തോത് പരമാവധി കുറച്ചുകൊണ്ടുവരാനും ന്യായവിലക്ക് സാധനങ്ങൾ ലഭ്യമാക്കാനും ഫലപ്രദമായ വിപണി ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിയ ത്. സിവിൽ സപ്ലൈസ് വകുപ്പും സഹകരണവകുപ്പും ചേർന്ന് ആയിരക്കണക്കിന് ന്യാവില ഷാപ്പുകളാണ് പ്രവർത്തിപ്പിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷഭരണ കാലത്ത് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ചെലവഴിച്ചതിന്റെ ഇരട്ടി യോളം തുക ഇപ്പോൾ രണ്ടരക്കൊല്ലംകൊണ്ട് ചെലവഴിച്ചു. ഇതെല്ലാം അനുഭവത്തി ലുള്ള ജനങ്ങളോടാണ് വിലക്കയറ്റത്തിന്റെ കാരണക്കാർ സംസ്ഥാന സർക്കാരാ ണെന്ന് പ്രതിപക്ഷത്തിന്റെ വിടുവായത്തം. പൊതുവിതരണ സമ്പ്രദായം തകർക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ നയം. അതിന് കൂട്ടുനിൽക്കുന്നവരാണ് കേരള ത്തിലെ പ്രതിപക്ഷം. എൽ.ഡി.എഫ്. സർക്കാരാകട്ടെ എല്ലാ സാധ്യതകളും പരമാ വധി ഉപയോഗപ്പെടുത്തി പൊതുവിതരണം കാര്യക്ഷമമാക്കുകയാണ്. രാജ്യത്താകെ ഗോഡൗണുകളിൽ ഒരു കോടിയിലേറെ ടൺ അരി കെട്ടിക്കിടക്കുകയും അതിൽ നല്ലൊരു പങ്ക് പൊതുവിപണിയിൽ ലേലത്തിൽ വിൽക്കാൻ കേന്ദ്രം തീരുമാനിക്കു കയും ചെയ്ത വിവരം ഇവിടത്തെ പ്രതിപക്ഷത്തിന് അറിയാമോ? സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽത്തന്നെ ലക്ഷക്കണക്കിനു ടൺ അരി കെട്ടിക്കിട ക്കുന്നു. അതിൽ നിന്നും റേഷനരിവിഹിതം കൃത്യമായി നൽകിയാൽ പൊതുവിപണി യിൽ അരിയുടെ വില ഗണ്യമായി കുറയുമെന്ന് എന്തേ തങ്കച്ചനും ചെന്നിത്തലയും ഉമ്മൻചാണ്ടിയുമൊന്നും തിരിച്ചറിയുന്നില്ല?

ബസ് ചാർജും ടാക്സി ചാർജുമെല്ലാം വർധിപ്പിച്ചുവെന്നാണ് പ്രതിപക്ഷത്തിന്റെ ആവലാതി. നിങ്ങൾക്കിത് ഇവിടെ പറയാൻ നാണമില്ലേ? പെട്രോളിയം ഉല്പന്ന ങ്ങൾക്ക് അഞ്ച് തവണ വില വർധിപ്പിച്ച് രാജ്യത്തെ ജനങ്ങളെയാകെ പൊറുതികേടി ലാക്കിയത് നിങ്ങളുടെ കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിൽ അരിയുടെയും നിത്യോ പയോഗ സാധനങ്ങളുടെയും വിലക്കയറ്റത്തിന് പ്രധാന കാരണം അതാണ്. എണ്ണ ഒഴിക്കാതെ വണ്ടി ഓടില്ല. വണ്ടി ഓടാതെ ചരക്ക് ഇങ്ങെത്തില്ല. എണ്ണക്ക് പക്ഷേ നിങ്ങൾ അടുത്തയിടെതന്നെ വീണ്ടും വില കൂട്ടി.

ക്രൂഡ് ഓയിലിന് ലോകവിപണിയിൽ 150 ൽ അധികം ഡോളറുള്ളതു ചൂണ്ടിക്കാട്ടി യാണ് നിങ്ങളുടെ കേന്ദ്രസർക്കാർ എണ്ണവില കൂട്ടിയത്. അതേതുടർന്ന് ഗത്യന്തരമി ല്ലാതെ ബസ് ചാർജും ടാക്സി ചാർജും വർധിപ്പിക്കേണ്ടി വന്നു. ഇപ്പോൾ ക്രൂഡ് ഓയിലിന്റെ വില മൂന്നിലൊന്നോളമായി കുറഞ്ഞിരിക്കുന്നു. അതിന് ആനുപാതികമാ യിട്ടോ അതല്ലെങ്കിൽ ഈയിടെ വർധിപ്പിച്ചതോ ആയ വില കുറക്കാൻ സന്നദ്ധമല്ലെ ന്നാണ് ആന്റണിയും വലയാർ രവിയും ഉൾപ്പെട്ട കേന്ദ്രമന്ത്രിസഭ പറയുന്നത്. പാവ പ്പെട്ടവരുടെ ചെലവിൽ എണ്ണക്കമ്പനികൾ കൊള്ളലാഭമടിക്കുന്നതിന് പ്രോത്സാഹനം നൽകുകയാണ് കേന്ദ്രസർക്കാർ. ആ കേന്ദ്രസർക്കാരിന്റെ പ്രതിനിധികളാണിവിടെ ചാർജ് വർധനയെക്കുറിച്ച് പറയുന്നത്. ജനങ്ങളോട് കൂറുണ്ടെങ്കിൽ ഇവിടുത്തെ പ്രതിപക്ഷം ചെയ്യേണ്ടത് എണ്ണവില കുറക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക യാണ്; സമരം ചെയ്യുകയാണ്.

കാർഷികമേഖലയിൽ തകർച്ചയാണെന്ന കണ്ടുപിടുത്തവും കുറ്റപത്രാഭാസത്തി ലുണ്ട്. സ്വന്തം ഭരണകാലത്തെപ്പറ്റിയുള്ള ദുസ്വപ്നമാവും അത്. കടുത്ത കാർഷിക തകർച്ചയും കടക്കെണിയും കാരണം 1500 ൽപ്പരം കൃഷിക്കാരാണ് യു.ഡി.എഫ്. ഭര ണകാലത്ത് ആത്മഹത്യ ചെയ്തത്. അങ്ങനെയൊരു സംഗതിയുള്ളതായി സമ്മതി ക്കാനോ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി സഹായം നേടിയെടുക്കാനോ കൂട്ടാക്കാ ത്തവരാണ് ഇന്ന് പ്രതിപക്ഷമായ അന്നത്തെ ഭരണക്കാർ. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നശേഷം ആ പ്രശ്നത്തിൽ സത്വരമായി ഇടപെട്ടു. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കടങ്ങൾ മുഴുവൻ എഴുതിത്തള്ളി, അവരുടെ കുടുംബത്തിന് അരലക്ഷം രൂപ വീതം സഹായം നൽകി, കടങ്ങൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തി, കടാശ്വാസനിയമം കൊണ്ടു വന്നു, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വിദർഭാ പാക്കേജ് നേടിയെടുത്തു. കുട്ടനാട്ടിന് പ്രത്യേക പാക്കേജ് സമ്മതിപ്പിച്ചു, തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കി, നെല്ലിന് പലിശരഹിത വായ്പ ഏർപ്പെടുത്തു കയും ഏഴ് രൂപയായിരുന്ന താങ്ങുവില പടിപടിയായി പതിനൊന്ന് രൂപയായി വർധി പ്പിച്ച് സംഭരണം കാര്യക്ഷമമാക്കി. ഇപ്പോൾ ഭക്ഷ്യോല്പാദന വർധനക്കുള്ള സമഗ്രപ ദ്ധതിയും ആരംഭിച്ചു. അങ്ങനെ കാർഷികമേഖലയിൽ നിന്നും നൈരാശ്യത്തെ അകറ്റി പുത്തനുണർവ് സൃഷ്ടിച്ചിരിക്കുന്നു. കാർഷികോല്പാദനത്തിൽ വമ്പിച്ച മുന്നേറ്റം പ്രകടമായിതുടങ്ങി. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ കർഷക ആത്മഹത്യ തുടരുകയാണ്. എന്നാൽ കേരളത്തിൽ നിന്നും ആ പ്രവണത അപ്രത്യക്ഷമായിരി ക്കുന്നു.

പാലിന്റെ വില പലതവണ വർദ്ധിപ്പിച്ചുവെന്നാണ് പ്രതിപക്ഷം പറയുന്നത്. എന്തേ, പാലുല്പാദിപ്പിക്കുന്ന കൃഷിക്കാരെ നിങ്ങൾ കാണുന്നില്ലേ. പശുവിനെ പോറ്റാൻ ചെലവുണ്ട്, കടുത്ത അധ്വാനമുണ്ട്. പാലിന് ന്യായവില കിട്ടിയില്ലെങ്കിൽ കൃഷിക്കാർ

ആ രംഗത്തുനിന്നും പിൻവാങ്ങും. പിന്നെ പാലിനും പൂർണ്ണമായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരും. പതിനായിരക്കണക്കായ ക്ഷീരകർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കാനാണ് പാൽവില കൂട്ടിയത്. അതിന് ശുപാർശ ചെയ്തത് മിൽമയാണ്. അതിന്റെ ഭാരവാഹികൾ യു.ഡി.എഫിന്റെ പ്രധാന നേതാക്കളുമാണ്. പാൽവിലയെക്കുറിച്ച് ആക്ഷേപിക്കും മുമ്പ് അവരോട് തിരക്കുന്നത് നന്നായിരിക്കും.

കേന്ദ്രം വാരിക്കോരി തന്നു, സംസ്ഥാനം ഉപയോഗിക്കുന്നില്ല എന്ന ആക്ഷേപം നിരർത്ഥകമാണ്. സംസ്ഥാനത്തിന് അവകാശപ്പെട്ടതു കുറേയൊക്കെ ചോദിച്ചു വാങ്ങാൻ, സമ്മർദ്ദം ചെലുത്തി വാങ്ങാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് വാസ്തവമാണ്. യു.പി.എ. ഗവൺമെന്റിന് ഇടതുപക്ഷപിന്തുണ അനിവാര്യമായിരുന്ന ഘട്ടത്തിലാണതൊക്കെ തരാൻ നിർബന്ധിതരായതെന്നതും പ്രസ്താവ്യമാണ്. അതെല്ലാം കേന്ദ്രത്തിന്റെ സൗജന്യമല്ല, സംസ്ഥാനത്തിന്റെ അവകാശമാണ്. അനുവദിക്കപ്പെട്ട പദ്ധതികൾക്ക് സംസ്ഥാനം ചെയ്യേണ്ട കാര്യങ്ങൾ യുദ്ധകാലവേഗത്തിൽ ചെയ്യുന്നുണ്ട്. കേന്ദ്രത്തിൽനിന്നും ആദ്യം നിഷേധാത്മക സമീപനമുണ്ടായിട്ടും നിരന്തരമായ ശ്രമത്തിലൂടെ വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ പദ്ധതി യാഥാർത്ഥ്യമാകുമെന്നുറപ്പാക്കാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞു. പാലക്കാട് കോച്ച് ഫാക്ടറി അനുവദിക്കപ്പെട്ടത് സംസ്ഥാനത്തിന്റെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായാണ്.

അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനെ യു.ഡി.എഫ്. പരിഹസിക്കുന്നത് മനസ്സിലാക്കാം. കാരണം അവരുടെ കാലത്ത് അവരുടെ ഒത്താശയോടെയാണല്ലോ ലക്ഷക്കണക്കിനേക്കർ ഭൂമി അന്യാധീനപ്പെട്ടത്. അതിൽ ഒരിഞ്ച് പോലും അക്കാലത്ത് വീണ്ടെടുത്തില്ല. ഇപ്പോൾ ശക്തമായ നടപടിയിലൂടെ പതിനാറായിരത്തിൽപ്പരം ഏക്കർ വീണ്ടെടുത്തു. അന്യാധീനപ്പെട്ടതിൽ അവശേഷിച്ച ഭൂമി കൂടി വീണ്ടെടുക്കാൻ നടപടികൾ തുടരുന്നു.

വീണ്ടെടുത്ത ഭൂമിയും കേസുകൾ തീർത്തെടുത്ത മിച്ചഭൂമിയും ഉപയോഗിച്ച് മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി നൽകാൻ ആരംഭിച്ചിരിക്കുകയാണ്. മുഴുവൻ ഭവനരഹിത കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് ലഭ്യമാക്കാനുള്ള പദ്ധതിയും തുടങ്ങി. ഇതെല്ലാം അനുഭവത്തിൽ അറിയുന്ന ജനങ്ങളുടെ മുന്നിലാണ് പ്രതിപക്ഷം കുറ്റപത്രാഭാസം അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ആത്മവഞ്ചനയാണിത്.